# പതിമൂന്നാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.22 | 04.02.2013 ന് മറുപടിയ്ക്ക്

## ശബരീജലം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. എ. മാധവൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വർക്കല കഹാർ | ശ്രീ.കെ.ബി.ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ശബരീജലം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 2008-ൽ പെരിയാർ വെസ്റ്റ് ഡിവിഷനിലെ മുഴിക്കൽ എന്ന സ്ഥലത്ത് തുടക്കം കുറിച്ചു. കേരളാ വന വികസന കോർപ്പറേഷന്റെ കീഴിൽ പത്തനാപുരത്ത് കടശ്ശേരിയിൽ മറ്റൊരു യൂണിറ്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) വനാശ്രിത സമൂഹത്തിന്റെ ജീവനോപാധി മെച്ചപ്പെടുത്തുക, അവർക്ക് കൂടുതൽ തൊഴിലവസരങ്ങൾ നൽകുക, പ്ലാസ്റ്റിക്ക് നിർമ്മാർജ്ജനം നടത്തുന്നതിന് പ്രോത്സാഹനം/ അവബോധം നൽകുക, ശബരിമല തീർത്ഥാടന കാലത്ത് അയ്യപ്പ ഭക്തന്മാർക്കും, കേരളത്തിലെ വിവിധ ഇക്കോടൂറിസം സെന്ററുകളിലെത്തുന്നവർക്കും ശുദ്ധജലം ലഭ്യമാക്കുക, വില്പന നടത്തുന്ന കാലിക്കുപ്പികൾ പ്രതിഫലം നൽകി മടക്കി വാങ്ങി നശിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയുടെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. |

(സി) എത്ര ലക്ഷം ലിറ്റർ ശുദ്ധജലം വിപണിയിലെത്തിക്കാനാണ് പ്രസ്തുത പദ്ധതി മുഖാന്തിരം ലക്ഷ്യമിട്ടിരിക്കുന്നത്; വിശദമാക്കുമോ;

(സി) പെരിയാർ വെസ്റ്റ് ഡിവിഷന്റെ കീഴിലുള്ള മൂഴിക്കൽ എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ശബരീജലം കുടിവെള്ള പദ്ധതിയുടെ പ്രതിവർഷ ഉത്പാദനലക്ഷ്യം 10 ലക്ഷം ലിറ്റർ ശുദ്ധജലവും, കേരളാ ഫോറസ്റ്റ് ഡവലപ്മെന്റ് കോർപ്പറേഷൻ പത്തനാപുരത്തെ കടശ്ശേരിയിൽ പ്രവർത്തനം ആരംഭിക്കുന്ന പരിപൂർണ്ണമായും യന്ത്രവൽകൃതമായ ശബരീജലം കുടിവെള്ള പദ്ധതിയുടെ പ്രതിവർഷ ഉത്പാദന ലക്ഷ്യം 20 ലക്ഷം ലിറ്റർ ശുദ്ധജലവുമാണ്.

(ഡി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത് ?

(ഡി) പെരിയാർ ടൈഗർ റിസർവ്വിൽ പെരിയാർ വെസ്റ്റ് ഡിവിഷനിൽപ്പെട്ട മൂഴിക്കൽ എന്ന സ്ഥലത്ത് തദ്ദേശവാസികൾ ഉൾപ്പെടുന്ന ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ പെരിയാർ ഫൗണ്ടേഷന്റെ സഹായത്തോടു കൂടിയാണ് ശബരീജലം പദ്ധതി നടപ്പിലാക്കി വരുന്നത്. പത്തനാപുരത്തെ കടശ്ശേരിയിൽ പ്രവർത്തനമാരംഭിക്കുന്ന ശബരീജലം കുടിവെള്ള പദ്ധതി വനം വകുപ്പിന്റെ സഹകരണത്തോടെ കേരള വനം വികസന കോർപ്പറേഷനാണ് നടപ്പിലാക്കുന്നത്

സെക്ഷൻ ഓഫീസർ.